**പത്രക്കുറിപ്പ്**
**31-1-2019**

### കുടുംബശ്രീക്ക് ചരിത്ര നേട്ടം:

# ബജറ്റിൽ കുടുംബശ്രീ പദ്ധതികൾക്ക് ആയിരം കോടി രൂപ

തിരുവനന്തപുരം: സംസ്ഥാന സർക്കാർ അവതരിപ്പിച്ച 2019-20 വാർഷിക ബജറ്റിൽ കുടുംബശ്രീക്ക് അഭിമാന നേട്ടം. കുടുംബശ്രീയുടെ സ്ത്രീശാക്തീകരണ ദാരിദ്ര്യനിർമാർജന പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനും വരുമാനദായക പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റം വരുത്തുന്നതിനുമായി ആയിരം കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ 258 കോടി രൂപ സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതവും നാനൂറ് കോടി രൂപ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായുള്ള സംയോജന പ്രവർത്തനങ്ങളിൽ നിന്നും ബാക്കി തുക വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നുമാണ് ലഭ്യമാകുക.

പ്രളയാനന്തര ജീവനോപാധി വികസനത്തിന്റെ ഭാഗമായി കുടുംബശ്രീ ഉൽപന്നങ്ങൾക്ക് ബ്രാൻഡ് അടിസ്ഥാനമാക്കിയുള്ള കേന്ദ്രീകൃത മാർക്കറ്റിംഗ് സംവിധാനം കൊണ്ടുവരുമെന്നതാണ് ശ്രദ്ധേയമായ പ്രഖ്യാപനങ്ങളിലൊന്ന്. ഇതിന്റെ ഭാഗമായി ന്യൂട്രിമിക്സ് പോഷക ഭക്ഷണം, മാരിക്കുട, സുഭിക്ഷ നാളികേര ഉൽപന്നങ്ങൾ, ശ്രീ ഗാർമെന്റ്സ്, കേരള ചിക്കൻ, കയർ കേരള, കരകൗശല ഉൽപന്നങ്ങൾ, ഇനം തിരിച്ച തേൻ ബ്രാൻഡുകൾ, ഹെർബൽ സോപ്പുകൾ, കറിപ്പൊടികൾ, ഉണക്ക മത്സ്യം, ആദിവാസി ഉൽപന്നങ്ങൾ എന്നിങ്ങനെ പന്ത്രണ്ട് തരം വ്യത്യസ്ത ഉൽപന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം നടത്തും. ഉൽപന്നങ്ങളുടെ വിപണനത്തിന് കുടുംബശ്രീയുടെ 200 ചെറു വിപണന കേന്ദ്രങ്ങളും ഹോംഷോപ്പ് ശൃംഖലയും കൂടുതൽ സജ്ജമാകും. കൂടാതെ സിവിൽ സപ്ലൈസ് കൺസ്യൂമർ ഫെഡ്, സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴിയും കുടുംബശ്രീ ഉൽപന്നങ്ങളുടെ വിപണനം ഊർജിതമാക്കും. നിലവിൽ കുടുംബശ്രീ സൂക്ഷ്മസംരംഭ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് വരുമാനമാർഗങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഇത് സഹായകമാകും. സംസ്ഥാനത്ത് വഴിയോരങ്ങളിൽ വിശ്രമസൗകര്യവും ടോയ്‌ലറ്റ് സൗകര്യങ്ങളും ഉറപ്പാക്കുന്ന നൂറ് 'ടേക് എ ബ്രേക്' കേന്ദ്രങ്ങളും ആരംഭിക്കും. പെട്രോൾ പമ്പുകളിൽ ഇതേ മാതൃകയിൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് പെട്രോൾ കമ്പനികളുമായി കരാറിലേർപ്പെടും. ഇതിലൂടെ നിരവധി അയൽക്കൂട്ടവനിതകൾക്ക് വരുമാന ലഭ്യത ഉറപ്പാക്കാനാകും.

സൂക്ഷ്മസംരംഭ ശൃംഖലയെയും സേവനമേഖലയേയും ശക്തിപ്പെടുത്തുന്നതിനും വനിതകൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ എല്ലാ സി.ഡി.എസുകളിലും കെട്ടിട നിർമാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ പ്രാപ്തിയുള്ള വനിതാ മേസ്തിരിമാരുടെ സംഘങ്ങൾ രൂപീകരിക്കുന്നതും ശ്രദ്ധേയമായ നേട്ടമാണ്. കുടുംബശ്രീയുടെ കീഴിൽ നിലവിലുള്ള വനിതാ കെട്ടിട നിർമാണ യൂണിറ്റുകൾക്ക് പുറമേയാണിത്. കൂടാതെ എല്ലാ സി.ഡി.എസുകളിലും ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, ഗാർഹിക ഉപകരണങ്ങളുടെ റിപ്പയറിംഗ് എന്നിവ ഏറ്റെടുത്ത് ചെയ്യാൻ പ്രാപ്തിയുള്ള യൂട്ടിലിറ്റി സേവന സംഘങ്ങളും ഈവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകളും രൂപീകരിക്കും.

ഉൽപാദന മേഖലയ്ക്കു പുറമേ സേവന-സാമൂഹ്യസുരക്ഷാ മേഖലയിലും നിരവധി ശ്രദ്ധേയമായ പദ്ധതികൾ കുടുംബശ്രീ മുഖേന നടപ്പാക്കും. നിലവിൽ കൊച്ചി മെട്രോ, റെയിൽവേ എന്നിവയുമായി ചേർന്ന് മികച്ച രീതിയിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കുന്നതിന്റെ അടിസ്ഥാനത്തിൽ വയോജന സംരക്ഷണ മേഖലയിൽ കുടുംബശ്രീ വനിതകൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിന് 2000 ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകളെ പരിശീലിപ്പിച്ച് ഈ രംഗത്ത് വിന്യസിക്കും.

വയോജന സംരക്ഷണം ഉറപ്പു വരുത്തുന്നിന്റെ ഭാഗമായി സംസ്ഥാനത്ത് വയോജനങ്ങളുടെ ഇരുപതിനായിരം അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഓരോന്നിനും 5000 രൂപ വീതം നൽകും. പഞ്ചായത്തുകളിൽ പകൽവീടുകളിൽ കഴിയുന്നവരുടെ മേൽനോട്ടവും കുടുംബശ്രീയെ ഏൽപിക്കും. ട്രാൻസ് ജെൻഡർ വിഭാഗത്തിലുള്ളവർക്കായി നടപ്പാക്കുന്ന മഴവിൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഇവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങളും രൂപീകരിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ 65000 അയൽക്കൂട്ടങ്ങൾക്ക് നാലു ശതമാനം പലിശക്ക് 3500 കോടി രൂപ ബാങ്ക് വായ്പയും ലഭ്യമാക്കും. മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 100 ബഡ്സ് സ്കൂളുകൾ കൂടി ആരംഭിക്കും.

കാർഷിക മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീ നാട്ടുചന്തകളെ സ്ഥിരം വിപണന കേന്ദ്രങ്ങളായി ഉയർത്തുന്നതാണ് മറ്റൊന്ന്. വൈവിധ്യങ്ങളായ നാടൻ ഇലക്കറികൾക്കു വേണ്ടിയുള്ള കൂളർ ചേമ്പർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഈ കേന്ദ്രങ്ങളിലുണ്ടായിരിക്കും. 2019-20 വർഷം ഈ ഉപജീവന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിലൂടെ 25000 സ്ത്രീകൾക്ക് പ്രതിദിനം 400-600 രൂപ വരുമാനം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. മൃഗപരിപാലനത്തിനും ചെറുകിട സംരംഭങ്ങൾക്കും മറ്റും വായ്പയെടുത്ത് കടക്കെണിയിലായ സ്ത്രീ സംഘങ്ങൾക്കായി പുനരുദ്ധാരണ പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ട്. ഇതിന് 20 കോടി രൂപ അധികം വകയിരുത്തിയിട്ടുണ്ട്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ